**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4** **23-01-2025 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. പരീക്ഷാ നടത്തിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പി.എസ്.സി. പരീക്ഷകളിലെ തട്ടിപ്പും ക്രമക്കേടും തടയുന്നതിന് സംസ്ഥാന ക്രൈംബ്രാഞ്ച് എന്തെങ്കിലും ശിപാർശകളോ, നിർദേശങ്ങളോ സമർപ്പിച്ചിരുന്നോ; വിശദാംശം അറിയിക്കാമോ; | (എ) | KAP IV ബറ്റാലിയൻ സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ പരീക്ഷ ക്രമക്കേടുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത ക്രൈം.നം.429/CB/TVM-D/2019 കേസിന്മേൽ സംസ്ഥാന ക്രൈംബ്രാഞ്ച്, പി എസ് സി പരീക്ഷകളിലെ തട്ടിപ്പും ക്രമക്കേടും തടയുന്നതിനായുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. വിശദാംശങ്ങൾ അനുബന്ധം 1 ആയി ഉൾപ്പെടുത്തുന്നു. |
| (ബി) | ഇക്കാര്യത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സർക്കാർ/പി.എസ്.സി. തലത്തിൽ സ്വീകരിച്ചതെന്നും ഏതെല്ലാം ശിപാർശകളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കിയതെന്നും അറിയിക്കാമോ; ; | (ബി) | പ്രസ്തുത നിർദ്ദേശങ്ങളിൽ പി എസ് സി നടപ്പിലാക്കിയ ശിപാർശകൾ അനുബന്ധം 2 ആയി ഉൾപ്പെടുത്തുന്നു. |
| (സി) | എഴുത്ത് പരീക്ഷയും, അഭിമുഖ പരീക്ഷയും കഴിഞ്ഞിട്ടും ഇനിയും പ്രസിദ്ധീകരിക്കാത്ത പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ വിശദാംശവും ഇതിന്റെ കാരണവും വ്യക്തമാക്കാമോ? | (സി) | 2024 December മാസം വരെ എഴുത്തു പരീക്ഷയും അഭിമുഖവും പൂർത്തിയാക്കിയ തസ്തികകളുടെ റാങ്ക്പട്ടികകൾ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധം 3 ആയി ഉൾപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ

ക്രൈംബ്രാഞ്ച് ക്രൈം. **429/CB/TVM-D/2019** കേസ്സിന്റെ അന്വേഷണവേളയിൽ, പി.എസ്.സി യുടെ ഇപ്പോഴുള്ള പരീക്ഷാ നടത്തിപ്പിലുള്ള താഴെപ്പറയുന്ന ഗൗരവമായ വിഷയങ്ങൾ താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വരും പരീക്ഷകളിൽ ഈ മാററങ്ങൾ വരുത്തിയില്ലെങ്കിൽ ഇപ്പോൾ സംഭവിച്ച ക്രമക്കേടുകൾ ആവർത്തിക്കുന്നതിനു സാദ്ധ്യതയുണ്ട്.

1. കാലാകാലങ്ങളായി പിൻതുടരുന്ന പരീക്ഷാ ഹാളിലെ സീററിംഗ് പാറേറൺ (A,B,C,D Pattern) കാലാനുസൃതമായി പരിഷ്കരിക്കേണ്ടതും ടി സീററിംഗ് പാറേറൺ മുൻകൂട്ടി ഉദ്യോഗാർത്ഥികൾ അറിയാൻ പാടില്ലാത്ത രീതിയിൽ ക്രമീകരിക്കേണ്ടതാണ്.

   ഇപ്പോഴത്തെ നിലയിൽ ഒരു മാസം മുൻപ് ഹാൾ ടിക്കററിലെ നമ്പർ വച്ച് ഏത് സെന്ററിലാണ് പരീക്ഷ എന്നും ഏത് കോഡ് നമ്പരിലുള്ള ചോദ്യപേപ്പറുകളാണ് എന്ന് മുൻകൂട്ടി അറിയാൻ സീററിംഗ് പാറേറണിലൂടെ കഴിയുന്നു. ഇത് ഉദ്യോഗാർത്ഥികൾക്ക് ക്രമക്കേടുകൾ നടത്തുന്നതിനുള്ള വഴി ഒരുക്കുന്നു.

2. പരീക്ഷയ്ക്കു ശേഷം OMR sheet ഉം ബാക്കി സാമഗ്രികളും തിരികെ പി.എസ്.സി യിൽ ഏൽപ്പിക്കാൻ നൽകിയിരിക്കുന്ന form-ൽ മിച്ചമുള്ള ചോദ്യക്കടലാസ്സുകളിൽ എണ്ണം രേഖപ്പെടുത്തുന്ന കോളം ഇല്ല.

   ചിലർ ചോദ്യക്കടലാസ് ജനൽ വഴി പുറത്തേക്ക് എറിഞ്ഞ് കൈവശം നേരത്തേ സൂക്ഷിച്ചിരുന്ന മറെറാരു പഴയ ചോദ്യക്കടലാസ് വച്ച് എഴുതുന്നതായി ഭാവിക്കുന്നു. പുറത്തേക്കെറിഞ്ഞ ചോദ്യക്കടലാസ് വായിച്ച് ഗൂഗിൾ സെർച്ച് വഴിയും കോച്ചിംഗ് സെന്ററുകളിലെ അദ്ധ്യാപകർ വഴിയും ഉത്തരം കണ്ടുപിടിച്ച് മൊബൈൽ വഴി മെസ്സേജായും വാട്സ്ആപ്പായും ആ കോഡിലെ ചോദ്യം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് അയച്ച് കൊടുത്തതായി പറയപ്പെടുന്നു.

3. ഇപ്പോൾ പരീക്ഷാ നടത്തിപ്പിന്റെ ചുമതല അതാത് കേന്ദ്രങ്ങളിലെ മേധാവികളായ Head Master/Principal ആയിരിക്കും. അവർ നിയോഗിക്കുന്ന

Invigilators ന് പ്രത്യേക യോഗ്യതകൾ നിശ്ചയിച്ചിട്ടില്ലാത്തതിനാൽ Peon/OA എന്നിവരൊക്കെയാണ് നിരീക്ഷകരായി എത്തുന്നത്. ഇവരെ സ്വാധിനീക്കുവാൻ എളുപ്പമാണ്. കൃത്യമായ പരിശീലനം നൽകിയവരെയും നിശ്ചിത യോഗ്യതയുള്ളവരെയും മാത്രമേ നീരീക്ഷകരായി നിയോഗിക്കാവൂ. വിവിധ പരീക്ഷാ ഹാളുകൾ ഉള്ള കേന്ദ്രങ്ങളിൽ PSC-യുടെ നേരിട്ടുള്ള ഒരു ഉദ്യോഗസ്ഥനെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.

4. സ്മാർട്ട് വാച്ച്, മൊബൈൽ ഫോൺ, ബ്ലൂടൂത്ത്, Ear Piece ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ പരീക്ഷാ ഹാളിൽ കൊണ്ടുവരുന്നത് ഒഴിവാക്കാൻ Physical Frisking ആവശ്യമാണ്. ഷൂ, ബെൽററ്, ബട്ടൺസ് തുടങ്ങിയവ അടക്കം അഴിച്ച് പരിശോധിക്കേണ്ടതാണ്. ബട്ടണുകൾ, ആഭരണങ്ങൾ, പേന, കണ്ണാടികൾ തുടങ്ങിയവയിലും ക്യാമറ ഇല്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

സി.സി ക്യാമറകൾ പരീക്ഷാകേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നത് മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്കെല്ലാം ഒരു പരിഹാരമാണ്. ഇക്കാലത്ത് ഇതിന് ചിലവ് കുറവുമാണ്. അതിന്റെ Footage പരീക്ഷ ലിസ്റ്റിന്റെ കാലാവധി തീരുന്നതുവരെ സൂക്ഷിക്കേണ്ടതാണ്. OMR Paper തിരികെ നൽകുന്നതോടൊപ്പം നമ്പറിട്ട Hard disc കളും കൂടെ അയയ്ക്കേണ്ടതാണ്. അവ PSC Safe Custody യിൽ പരീക്ഷ ലിസ്റ്റിന്റെ കാലാവധി തീരുന്നതുവരെ സൂക്ഷിക്കേണ്ടതാണ്. അതിനുശേഷം അടുത്ത പരീക്ഷകൾക്കും അവ വീണ്ടും ഉപയോഗിക്കാവുന്നതാണ്.

5. ഉയർന്ന തസ്തികകളിലേയ്ക്കുള്ള പരീക്ഷ കേന്ദ്രങ്ങളിൽ Portable WiFi/Mobile Jammer കൾ സ്ഥാപിക്കേണ്ടതാണ്. അതുവഴി ഇന്റർനെററ് ഉപയോഗം ഉദ്യോഗാർത്ഥികൾക്ക് അപ്രാപ്യമാകും.

6. ഇന്നത്തെ നിലയിൽ ഒരാൾ മററൊരാൾക്ക് വേണ്ടി പരീക്ഷ എഴുതണമെങ്കിൽ രണ്ടുപേരും പ്രസ്തുത പരീക്ഷയ്ക്ക് ഒരേ സമയം Apply ചെയ്യുകയും അവർ

ഒരുമിച്ച് അവരവരുടെ ഹാൾ ടിക്കററുകളിൽ പരീക്ഷാ ഹാളിൽ കയറിയിരുന്ന് രജിസ്ട്രേഷൻ നമ്പറുകൾ പരസ്പരം മാററി എഴുതി അനർഹനായ ആൾക്ക് കൂടുതൽ മാർക്ക് ലഭിക്കുന്നതിന് ഇടയാകുകയും ചെയ്യുന്നു. തന്മൂലം അയോഗ്യനായവൻ ലിസ്റ്റിൽ വരുന്നു. ഇത് തടയുന്നതിനുള്ള ഒരേ ഒരു മാർഗ്ഗം പരീക്ഷാ ഹാളിൽ സിസിടിവി സ്ഥാപിക്കുക എന്നതാണ്.

7. PSC യുടെ എല്ലാ പരീക്ഷകളും Online ആക്കുന്നതു വഴി വളരെയധികം ക്രമക്കേടുകൾ തടയാൻ സാധിക്കും. കൂടാതെ ഉയർന്ന തസ്തികകളിലേക്കുള്ളതും എണ്ണത്തിൽ കുറവായിട്ടുള്ളതുമായ പരീക്ഷകളിൽ Descriptive ചോദ്യങ്ങളുണ്ടെങ്കിൽ Hand writing പരിശോധന വഴി പിന്നീടാണെങ്കിലും ആൾമാറാട്ടം കണ്ടെത്താൻ കഴിയും.

8. എല്ലാ വാച്ചുകളും പരീക്ഷാ കേന്ദ്രങ്ങളിൽ നിരോധിക്കുകയും ഉദ്യോഗാർത്ഥികൾക്ക് സമയം അറിയുന്നതിനായി ഹാളിൽ ക്ലോക്ക് സ്ഥാപിക്കുകയോ Periodical ആയി മണി അടിച്ച് സമയം അറിയിക്കാവുന്നതോ ആണ്.

വർഷംതോറും 500 ൽപരം പരീക്ഷകൾ നടത്തുന്ന PSC യ്ക്ക് മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ അപ്രായോഗികമായും ചെലവേറിയതായും ആദ്യം തോന്നാം. എന്നാൽ ഒരു ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാനമായ മത്സരപരീക്ഷയിലൂടെയുള്ള സർക്കാർ നിയമനങ്ങൾ ഏതൊരു അഭ്യസ്തവിദ്യന്റെയും അദമ്യമായ അഭിലാഷമാണ്. അവിടെ ക്രമക്കേടുകളിലൂടെ അനർഹരായവർ കയറിപ്പററുന്നതും അർഹരായവർക്ക് നിഷേധിക്കപ്പെടുന്നതും ജനാധിപത്യത്തോടുള്ള വെല്ലുവിളിയാണ്.

പുതിയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചില ഉദ്യോഗാർത്ഥികൾ നടത്തുന്ന ക്രമക്കേടുകൾ ഉടൻ പിടിക്കപ്പെട്ടില്ലായെങ്കിൽ പിന്നീട് അത് കണ്ടെത്തുക അന്വേഷണ ഏജൻസികൾക്ക് ശ്രമകരമായ ജോലിയാണ്. ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ എഴുതുന്ന PSC പരീക്ഷകളിൽ ഇത് പിന്നെയും ദുഷ്കരമാകുന്നു.



സെക്ഷൻ ഓഫീസർ

അനുബന്ധം - 2

1. ഉദ്യോഗാർത്ഥികൾക്ക് ചോദ്യക്കടലാസ് നൽകി കഴിഞ്ഞാലുടൻ അവശേഷിക്കുന്ന unused question paper packet-ൽ വച്ച് seal ചെയ്യുകയും കവറിന്റെ പുറത്ത് unused question paper ന്റെ എണ്ണം രേഖപ്പെടുത്തുകയും അസിസ്റ്റന്റ് സൂപ്രണ്ട് അവർക്ക് നൽകിയിരിക്കുന്ന check list ൽ unused question paper ന്റെ എണ്ണം രേഖപ്പെടുത്തി പി.എസ്.സി യിൽ തിരികെ ഏൽപ്പിക്കാറുമുണ്ട്.

2. പരീക്ഷാ ഡ്യൂട്ടിക്ക് അധ്യാപകരെ മാത്രമേ അസിസ്റ്റന്റ് സൂപ്രണ്ടുമാരായി നിയമിക്കാവൂ എന്നും അസിസ്റ്റന്റ് സൂപ്രണ്ടുമാർ ഹാളിൽ identity card നിർബന്ധമായും ധരിക്കണമെന്നും ചീഫ് സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരീക്ഷാകേന്ദ്രങ്ങളിൽ പി.എസ്.സിയിൽ നിന്നുള്ള ഒരു ഉദ്യോഗസ്ഥനെ അഡീഷണൽ ചീഫ് സൂപ്രണ്ടായി നിയോഗിക്കാറുണ്ട്.

3. മൊബൈൽ ഫോൺ, ബ്ലൂട്ടൂത്ത്, വാക്ക്മാൻ തുടങ്ങി വിവര വിനിമയത്തിനുള്ള എല്ലാ ഇലക്ട്രോണിക് ഉപകരണങ്ങളും പരീക്ഷാഹാളിനുള്ളിൽ കർശനമായി നിരോധിച്ചിരിക്കുന്നുവെന്നും ഇത്തരം ഉപകരണങ്ങൾ പരീക്ഷാഹാളിനുള്ളിൽ കൈവശം വയ്ക്കുന്ന ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതാണെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഗസറ്റ് വിജ്ഞാപനത്തിലെ Part II പൊതുവ്യവസ്ഥകൾ ഖണ്ഡിക 28(10) ലും ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റിലും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ടി നിർദ്ദേശം പരീക്ഷാകേന്ദ്രങ്ങളിൽ കർശനമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്. എല്ലാ സ്കൂളുകളിലും ഉദ്യോഗാർത്ഥികളുടെ ബാഗ്, പഴ്സ്, ഫോൺ തുടങ്ങിയ സാധനങ്ങൾ സൂക്ഷിക്കാനായി ക്ലോക്ക് റൂം സൗകര്യം ഏർപ്പെടുത്തുന്നതിനും ചീഫ് സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകുന്നുണ്ട്.

4. Wrist Watch ഉൾപ്പെടെ എല്ലാ തരത്തിലുള്ള വാച്ചുകളും പരീക്ഷാകേന്ദ്രങ്ങളിൽ നിരോധിച്ചിരിക്കുന്നതിനാൽ ഉദ്യോഗാർത്ഥികൾക്ക് സമയം അറിയുന്നതിന് നിർദ്ദിഷ്ട സമയങ്ങളിൽ ബെൽ അടിയ്ക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

5. ഉയർന്ന തസ്തികകളിലേയ്ക്ക് രണ്ട് ഘട്ടപരീക്ഷകൾ നടത്തണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ട്.

6. പരീക്ഷാകേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിലെ എല്ലാ ക്ലാസ് മുറികളിലും CCTV, Mobile Jammer എന്നിവ സ്ഥാപിക്കുന്നതിന് ഏറെ സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാൽ ഇക്കാര്യത്തിൽ സർക്കാരിനു മാത്രമെ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളു.

7. മേൽപ്പറഞ്ഞവയ്ക്ക് പുറമെ ക്രൈംബ്രാഞ്ച് നിർദ്ദേശത്തിൽ ഉൾപ്പെടാത്തതായ Biometric Verification പരീക്ഷാദിവസം സാധ്യമായ എണ്ണം ഉദ്യോഗാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

Rejith

സെക്ഷൻ ഓഫീസർ

അനുബന്ധം - 3

(3)

RANKED LIST TO BE PUBLISHED FOR THE POST – INTERVIEW OVER UP TO 31.12.2024

| Sl.No. | Cat.No. | Name of Post and Department | Final Date of Interview |
|---|---|---|---|
| 1. | 713/22 | Pharmacist Gr II - Insurance Medical Services Dept. Kottayam , Palakkad | Kottayam- 12.12.2024<br><br>Palakkad- 13.12.2024 |
| 2. | 137/23 | Full Time Junior Language Teacher(Arabic) UPS - Education Malappuram, Kozhikode. | Malappuram -20.12.2024<br><br>Kozhikode- 19.12.2024 |
| 3. | 302/23 | Staff Nurse Gr II - Insurance Medical Services - kollam, alappuzha, Idukki, Trissur, palakkad, Kozhikkode, Malappuram. | Kollam- 11.12.2024<br><br>Alappuzha- 06.12.2024<br><br>Idukki-20.12.2024<br><br>Thrissur,Palakkad- 13.12.2024<br><br>Kozhikode, Malappuram - 20.12.2024 |
| 4. | 591/2022 | Physiotherapist in Kerala Sports and Youth Affairs | 28.11.2024 |
| 5. | 056/2023 | Legal Assistant in Kerala Water Authority | 13.12.2024 |
| 6. | 086/2023 | Drugs Inspector in Drugs Control Department | 15.11.2024 |
| 7. | 183/2023 | Assistant Manager (Extensions & Procurement) Part I General category in Kerala Kera Karshaka Sahakarana Federation Ltd. (KERAFED) | 12.12.2024 |
| 8. | 092/2023 | Trade Instructor Grade II (Electroplating) in Technical | 19.12.2024 |

| | | | |
|---|---|---|---|
| | | Education Department | |
| 9. | 251/2022 | Lecturer in Civil Engineering in Technical Education (Government Polytechnics) | 29.11.2024 |
| 10. | 182/2023 | Workshop Instructor / Demonstrator in Printing Technology in Technical Education Department | 12.12.2024 |
| 11. | 567/2023 | Assistant Professor in Oto Rhino Laryngology Head and Neck in Medical Education Department | 05.12.2024 |
| 12. | 347/2023 | Assistant Professor in Radio Diagonosis in Medical Education Education Department | 30.08.2024<br><br>Stay order -not to publish Ranked List |
| 13. | 168/2023 to 178/2023 | Associate Professor/Reader in various subjects in Government Homoeopathic Medical Colleges | December 2024<br><br>Stay order- not to publish Ranked List |
| 14 | 066/23 | Staff Nurse-Wayanad | നിലവിലെ റാങ്ക്പട്ടികയുടെ കാലാവധി 24/01/2025 വരെ ഉള്ളതിനാൽ 25/01/2025 ന് മാത്രമേ പുതിയ പട്ടിക നിലവിൽ വരുകയുള്ളൂ. |
| 15 | 461/2019 | Lower Primary School Teacher(Kannada Medium) Kasargode | കേസ് നിലവിലുള്ളതിനാൽ റാങ്ക്പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ